(ബി) ഒരു ഉപഭോക്താവിന്റെ പേര് തെറ്റായി രേഖപ്പെടുത്തിയാൽ അത് ശരിയാക്കുന്നതിനുള്ള നടപടിക്രമം വ്യക്തമാക്കാമോ ; ഇതുസംബന്ധിച്ച് സെക്ഷനുകളിൽ പരാതി നൽകിയാൽ സ്വീകരിക്കുന്നില്ല എന്ന പ്രശ്നം കെ.എസ്.ഇ.ബി.-യുടെയും സർക്കാരിന്റെയും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ&ബി) കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ചിട്ടുള്ള കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ്, 2014-ലെ 90, 91 വ്യവസ്ഥകളിൽ പ്രതിപാദിച്ചിട്ടുള്ള നടപടിക്രമങ്ങൾ പാലിച്ചാണ് വൈദ്യുതി കണക്ഷൻ എടുത്തിട്ടുള്ള ഉപഭോക്താക്കളുടെ പേരും അഡ്രസ്സും മാറ്റി നൽകുന്നത്.

ഉപഭോക്താവിന്റെ പേര് തെറ്റായി രേഖപ്പെടുത്തിയാൽ അത് ശരിയാക്കുന്നതിന് ആവശ്യമായ രേഖകൾ സഹിതമുള്ള അപേക്ഷ, ബന്ധപ്പെട്ട ഇലക്ട്രിക്കൽ സെക്ഷനിലെ അസിസ്റ്റന്റ് എഞ്ചിനീയർക്ക് സമർപ്പിക്കേണ്ടതാണ്. അവ പരിശോധിച്ച് ഇലക്ട്രിക്കൽ സെക്ഷനിലെ അസിസ്റ്റന്റ് എഞ്ചിനീയർക്ക് ആവശ്യമായ തിരുത്തലുകൾ വരുത്താവുന്നതാണ്. ഇതുസംബന്ധിച്ചുള്ള പരാതികൾ സെക്ഷൻ ഓഫീസുകളിൽ സ്വീകരിക്കുന്നില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇത് പ്രത്യേകം പരിശോധിക്കാം.

കാർഷികാവശ്യങ്ങൾക്കുള്ള വൈദ്യുതിയുടെ താരിഫ്

45 (390) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാർഷിക ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന വൈദ്യുതിയുടെ നിരക്ക് വ്യവസായങ്ങൾക്കുള്ള താരിഫിലേക്ക് മാറ്റിയതുമൂലം കാർഷികരംഗം നേരിടുന്ന പ്രതിസന്ധി ഒഴിവാക്കുന്നതിന് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടി വിശദമാക്കാമോ ;

(ബി) സംസ്ഥാന റെഗുലേറ്ററി കമ്മീഷന്റെ 14-8-2014-ലെ ഉത്തരവ് പുനഃപരിശോധിച്ച് കർഷകർക്കുള്ള വൈദ്യുതി തുടർന്നും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ; ഇക്കാര്യത്തിൽ ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) സംസ്ഥാനത്ത് ഭക്ഷ്യവിളകളായ പയർവർഗ്ഗങ്ങൾ, ധാന്യങ്ങൾ, പഴങ്ങൾ, പച്ചക്കറികൾ മുതലായവയുടെ കൃഷിക്കാവശ്യമായ ജലസേചനം, ലിഫ്റ്റ് ഇറിഗേഷൻ, ഡീ വാട്ടറിംഗ് (De-Watering) എന്നിവയ്ക്കുള്ള വൈദ്യുതിയുടെ താരിഫ്

LIBRARY ARCHIVES Kerala Legislative Assembly

LT V(A) അഗ്രികൾച്ചർ ആണ്. എന്നാൽ ലോ ടെൻഷൻ (Low Tension) വിഭാഗത്തിൽ, നാണ്യവിള തോട്ടങ്ങളുടെ (Plantation of Cash Crops) താരിഫ്, 14-8-2014-ലെ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷന്റെ താരിഫ് പരിഷ്കരണ ഉത്തരവ് വരുന്നതുവരെ ഒരു പ്രത്യേക കാറ്റഗറിയിലും ഉൾപ്പെടുത്തിയിരുന്നില്ല. ആയതിനാൽ, ടി ഉപഭോക്താക്കളെ LT V (A) കാർഷികം വിഭാഗത്തിൽ ഉൾപ്പെടുത്തി ബിൽ ചെയ്യുകയായിരുന്നു. എന്നാൽ, 14-8-2014-ലെ കമ്മീഷന്റെ താരിഫ് പരിഷ്കരണ ഉത്തരവിലൂടെ നാണ്യവിളകളെ 'LT IV (A) വ്യവസായം' എന്ന താരിഫ് കാറ്റഗറിയിലേയ്ക്ക് 16-8-2014 മുതൽ മാറ്റിയിട്ടുണ്ട്.

എച്ച്.റ്റി. വിഭാഗത്തിൽപ്പെട്ട നാണ്യവിള തോട്ടങ്ങളുടെ (Plantation of Cash Crops) താരിഫ്, 1983 മുതൽതന്നെ വ്യാവസായിക താരിഫിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

സംസ്ഥാനത്ത് വൈദ്യുതി താരിഫ് പരിഷ്കരിക്കുന്നതിനുള്ള പരിപൂർണ്ണാധികാരം കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷനിൽ നിക്ഷിപ്തമാണ്. റെഗുലേറ്ററി കമ്മീഷൻ അംഗീകരിച്ച നിരക്കുകളിൽ മാറ്റം വരുത്തുന്നതിന്, വിതരണ ലൈസൻസി എന്ന നിലയിൽ കെ.എസ്.ഇ.ബി. ലിമിറ്റഡിന് കഴിയുകയില്ല.

14-8-2014-ൽ റെഗുലേറ്ററി കമ്മീഷന്റെ താരിഫ് ഉത്തരവിന്റെ അടിസ്ഥാനത്തിൽ എണ്ണക്കുരു വിഭാഗത്തിൽപ്പെടുന്ന നാളികേര കൃഷിക്കുള്ള താരിഫ്, സംസ്ഥാനത്തെ ഏതാനും ചില സെക്ഷൻ ഓഫീസുകളിൽ LT IV (A) (വ്യവസായം) താരിഫിലേയ്ക്ക് മാറ്റിയിരുന്നു. എന്നാൽ, ഇത് ശ്രദ്ധയിൽപ്പെട്ട ഉടൻതന്നെ വൈദ്യുതി ബോർഡ് നാളികേര കൃഷിക്കുള്ള വൈദ്യുതി 'LT V (A)' കാർഷികം താരിഫിൽത്തന്നെ ബിൽ ചെയ്യുന്നതിനുള്ള കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

നാണ്യവിളകൾ ഇടവിളകളായി കൃഷി ചെയ്യുന്നവർക്ക് കാർഷിക താരിഫിൽ വൈദ്യുതി നൽകുന്നതിനും ഉത്തരവായിട്ടുണ്ട്.

ഭക്ഷ്യവിളകളോടൊപ്പം ഇടവിളകളായി ജാതിക്ക, കാപ്പി, കുരുമുളക് എന്നിവ കൃഷിചെയ്യുന്ന സ്ഥലങ്ങളിൽ ഭക്ഷ്യവിളകളായ ധാന്യങ്ങൾ, പയർവർഗ്ഗങ്ങൾ, പച്ചക്കറികൾ, പഴങ്ങൾ, നാളികേരം മുതലായവയാണ് പ്രധാനമായും കൃഷി ചെയ്യുന്നതെങ്കിൽ (കൂടുതൽ സ്ഥലത്ത്) കൃഷിക്കുപയോഗിക്കുന്ന മുഴുവൻ വൈദ്യുതിയും കാർഷിക താരിഫിൽ തന്നെ നൽകുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

പാരമ്പര്യ ഊർജ്ജ പദ്ധതി

46 (391) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly